പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6280 08.07.2014 ൽ മറുപടിക്ക്

## പോലീസ് ഭരണ നിർവ്വഹണത്തിലെ പാളിച്ചകൾ

| ചോദ്യം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.വി.അബ്ദുൾഖാദർ<br>ഡോ.കെ.ടി.ജലീൽ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പോലീസ് സേനയിൽ കക്ഷി രാഷ്ട്രീയവൽക്കരണവും പക്ഷപാത-പരമായ നിലപാടുകളും വർദ്ധിച്ചു-വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പോലീസ് സേനയിൽ കക്ഷി രാഷ്ട്രീയവൽക്കരണവും പക്ഷപാതപരമായ നിലപാടുകളും ഉണ്ടായിട്ടില്ല. |
| ബി) ഇതുമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും കുറ്റമറ്റരീതിയിൽ സുരക്ഷ ഉറപ്പ് വരുത്താൻ പോലീസിന് സാധ്യമാകുന്നില്ലെന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസ് ഭരണ നിർവ്വഹണത്തിലെ പാളിച്ചകൾ തിരിച്ചറിയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ജനങ്ങളുടെ ജീവനും സ്വത്തിനും കുറ്റമറ്റരീതിയിൽ പോലീസ് സുരക്ഷ ഉറപ്പു വരുത്തുന്നുണ്ട്. ഇതിനെതിരെയുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് ഭരണ നിർവ്വഹണം കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. എന്തെങ്കിലും ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ ഭരണ നിർവ്വഹണം വേഗതയിലും സുതാര്യവുമാക്കുന്നതിനായി IAPS (Internal Administrative Processing System) എന്ന സംവിധാനവും പോലീസ് വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി ) പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് നേരെയും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയും നടക്കുന്ന അതിക്രമങ്ങളും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിന് പോലീസ് പരാജയപ്പെടുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | സി) പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് നേരെയും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയും നടക്കുന്ന അതിക്രമങ്ങളും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിന് പോലീസ് പരാജയപ്പെടുന്നില്ല. അങ്ങനെയുള്ള ആക്ഷേപം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ